# മൃഗീയചിന്തകൾ

**വാസുദേവ് പുളിക്കൽ**

സ്നേഹവും പരസ്പര ബഹുമാനവുമാണ് ലോകത്ത് സന്തോഷം നിലനിർത്താനുള്ള പ്രധാന ഘടകങ്ങൾ. രാഷ്ട്ര-മത-ജാതി നിറഭേദങ്ങൾക്ക് ഈശ്വരന്റെ മുന്നിൽ യാതൊരു സ്ഥാനവുമില്ല. എന്നാൽ, ലോകമെമ്പാടും വെറുപ്പും വിദ്വേഷവും സംഘർഷവും രക്തച്ചൊരിച്ചിലുമാണ്. ലോകസമാധാനം ഹനിക്കപ്പെടുന്നതിനുള്ള കാരണം അന്വേഷിച്ചു ചെല്ലുമ്പോൾ ചെന്നെത്തുന്നത് മൃഗീയചിന്തകൾക്ക് കീഴടങ്ങി നിൽക്കുന്ന ഭരണകർത്താക്കളിലും പലമതസാരവും ഏകം എന്ന് മനസ്സിലാക്കാത്ത മതവിദ്വേഷികളിലുമാണ്. സർക്കാർ വേണ്ടത്ര ചിന്തയില്ലാതെ ക്രൂരമായി തന്നിഷ്ടമനുസരിച്ച് ഭരണം നടത്തുമ്പോൾ അതിനെ മൃഗീയഭരണം എന്ന് പറയാം. രാഷ്ട്രത്തിന്റെ പുരോഗതിയും ക്ഷേമവും എന്ന അനിവാര്യത മുന്നിൽ കണ്ടുകൊണ്ട് സമാധാനപരമായ ഭരണം കാഴ്ച വയ്ക്കുന്നതിനു പകരം മതസാഹോദര്യം തകർക്കാനും രാഷ്ട്രങ്ങൾ തമ്മിൽ പൊരുതാനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നു. അതിന് ഭരണകർത്താക്കൾ പ്രധാനമായും ഉപയോഗിക്കുന്നത് ശാസ്ത്രത്തിന്റെ നേട്ടത്തെയാണ്. പ്രപഞ്ചരഹസ്യത്തിന്റെ അജ്ഞാത കോണുകളിലേക്ക് വെളിച്ചം വീശിക്കൊണ്ട് അറിവിന്റെ വിഹായസ്സിലേക്ക് നമ്മേ ഉയർത്തിയവരാണ് ശാസ്ത്രജ്ഞന്മാർ. ശാസ്ത്രജ്ഞന്മാർ പകർന്നു തന്ന അറിവ് ലോകത്തിന് പ്രയോജനകരമാക്കിത്തീർക്കുന്നതിനു പകരം ഭരണകർത്താക്കളുടെ മൃഗീയചിന്തകൾ മൂലം ലോകനാശത്തിനുള്ള മാരകായുധങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കപ്പെടുന്നു. ഐസ്റ്റന്റെ ഇ=എംസിസ്ക്വയേർഡ് എന്ന കണ്ടെത്തലും മറ്റും ലോക പുരോഗതിക്ക് എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് ശാസ്ത്രജ്ഞന്മാരിൽ നിന്നു തന്നെ നിർദ്ദേശങ്ങൾ സ്വീകരിച്ച് കണ്ടുപിടുത്തങ്ങൾ പ്രായോഗികമാക്കുന്ന ഭരണകർത്താക്കളാണ് ലോകനന്മ ആഗ്രഹിക്കുന്നവർ. ദ്രോഹബുദ്ധികളായ രാഷ്ട്രീയക്കാർ മാത്രമല്ല, കൊല്ലിനും കൊലക്കും കൊള്ളി വയ്പിനും ഭീകരപ്രവർത്തനങ്ങൾക്കും പിന്നിലുള്ള രാഷ്ടീയ സാമൂഹിക സാമൂദായിക ചരുടുവലികൾക്ക് കൂട്ടു നിൽക്കുന്ന മനുഷ്യനും ഈ ലോകത്തിന് സംഭവിച്ച മാരകദുരിതമാണ്. മൃഗീയചിന്തകൾക്ക് വിധേയരാകുന്ന ഇന്നത്തെ മനുഷ്യന് ജീവിതമൂല്യങ്ങളെല്ലാം നഷ്ടപ്പെട്ടതുകൊണ്ടല്ലേ അവന്റെ ജീവിതത്തിൽ നിന്ന് സത്യവും നീതിയും സ്നേഹവും കാരുണ്യവും എല്ലാം ചോർന്നു പോയിരിക്കുന്നത്.

ലോകത്തിലെ ഏറ്റവും മികച്ച ജനാധിപത്യ രാഷ്ട്രമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഭാരതത്തിൽ നടന്ന അണുപരീക്ഷണം പല തരത്തിലാണ് വിലയിരുത്തപ്പെടുന്നത്. അണുപരീക്ഷണത്തിനു ശേഷം മറ്റു രാഷ്ട്രങ്ങൾ പഴയ മതിപ്പോടെ ഭാരതത്തെ വീക്ഷിക്കുന്നുണ്ടോ? ഇപ്പോഴാണെങ്കിൽ ഒരു ഹിന്ദു പാർട്ടി അധികാരം കയ്യാളിയിരിക്കുന്നതു കൊണ്ട് ഇൻഡ്യ ഹിന്ദുവൽക്കരിക്കപ്പെടുമോ എന്ന ആശങ്കയും സംശയവും ഇൻഡ്യയിലെ മതേതരത്വവാദികൾക്ക് മാത്രമല്ല വിദേശീയർക്കുമുണ്ട്. എങ്കിലും തങ്ങൾക്ക് ലാഭകരമായ വ്യവസായ ബന്ധങ്ങൾ നിലനിൽക്കുന്നതു കൊണ്ട് അനുകൂലമായ നിലപാട് ചില രാജ്യങ്ങൾ കൈക്കൊണ്ടിട്ടുണ്ടായിരിക്കാം. വിവിധ രാഷ്ട്രങ്ങളുടെ ശത്രുത സാധാരണക്കാരെ എങ്ങനെയാണ് ബാധിക്കുക എന്നത് അവർക്കു നിഗൂഢവും അജ്ഞാതവുമാണ്. എന്നാൽ അണുപരീക്ഷണം നടത്തിയവർക്ക് അതിന്റെ പ്രത്യാഘ്യാതം വ്യക്തമായിരുന്നില്ലേ? ഇതു മൂലം ഉണ്ടായേക്കാവുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ പ്രതികൂല സാഹചര്യങ്ങളെ പറ്റിയും രാഷ്ട്രത്തിന്റേയും സമൂഹത്തിന്റേയും വിവിധ മണ്ഡലങ്ങളിലുള്ള പുരോഗതിയെ അതു ബാധിക്കുമെന്നതിനെ പറ്റിയും അവർ അജ്ഞാതരായിരുന്നു എന്ന് ചിന്തിക്കാൻ ന്യായം കാണുന്നില്ല. ഇതിന്റെയൊക്കെ പരിണിത ഫലം അനുഭവിക്കേണ്ടി വരുന്നത് സമാധാനപ്രിയരായ ജനങ്ങളാണ്.

ധർമ്മശാസ്ത്രങ്ങളും വേദഗ്രന്ഥങ്ങളും സമ്മാനിച്ച് അവയിലൂടെ ലോകക്ഷേമത്തിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുള്ള ആചാര്യന്മാരുടെ നാടാണ് ഭാരതം. ലൗകികതയുടെ വിശാല വിഹായസ്സിലേക്ക് പറന്നുയരാതെ ആദ്ധ്യാത്മികതയുടെ ആഴത്തിലേക്കിറങ്ങിച്ചെന്ന് ആത്മസുഖം നേടാൻ പ്രേരിപ്പിക്കുന്ന ധർമ്മശാസ്ത്രം അണുസ്ഫോടനത്തിന്റെ പുക പിടിച്ച് മങ്ങുന്നു. ചിന്തിക്കുകയും അതിനനുസൃമായി ജീവിതം നയിക്കുകയും ചെയ്യുന്നവരാണ് മനുഷ്യർ. ഈ സവിശേഷതയാണ് മൃഗലോകത്തിൽ നിന്ന് മനുഷ്യലോകത്തെ ഉയർത്തിപ്പിടിക്കുന്നത്. പക്ഷെ, മനുഷ്യനിൽ അന്തർലീനമായിക്കിടക്കുന്ന മൃഗീയവികാരങ്ങൾ ചിലപ്പോൾ നിയന്ത്രാണാതീതമാകും. ഭരണകർത്താക്കളുടെ ചിന്താമണ്ഡലത്തിൽ അമർന്നു കിടന്ന മൃഗീയവികാരം അണപൊട്ടിയൊഴുകിയതാണ് അണുസ്ഫോടനത്തിലൂടെ ലോകം ദർശിച്ചത്. എന്നാൽ, അണുസ്ഫോടനത്തിൽ ഭരണകൂടം അഭിമാനം കൊള്ളുന്നുണ്ടാകും. അയൽ രാജ്യത്തെ അണുബോംബിട്ടു

നാമാവശേഷമാക്കുമെന്ന് ഭരണകൂടം  ചിന്തിക്കുന്നുമുണ്ടാകും. മൃഗീയമായ ചിന്ത. ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ എന്ന മന്ത്രം പ്രധാന പ്രാർത്ഥനയായി കരുതുന്ന ഭാരതീയർ അണുബോംബ് പൊട്ടിക്കാൻ തയ്യാറായി നിൽക്കുന്നു. എല്ലാത്തിനേയും ഉൾക്കൊള്ളാനുള്ള കഴിവിലാണ് ഭാരതീയ സംസ്കാരത്തിന്റെ മഹത്വമിരിക്കുന്നത്. ഗംഗ ഉത്ഭവസ്ഥാനത്ത് പവിത്രമായിരുന്നു, അതിൽ മാലിന്യങ്ങൾ പ്രവാഹത്തിനിടയൽ അലിഞ്ഞു ചേർന്നതാണ്. അതുപോലെ മൃഗീയചിന്തകളെ ഊട്ടി വളർത്തി വേദോപനിഷത്തുക്കളുടെ പ്രയോക്താക്കൾ അവ ദുർവ്യാഖ്യാനം ചെയ്ത് ഭാരതീയ സംസ്കാരത്തിന്റെ മഹത്വത്തെ പരിമിതപ്പെടുത്തുകയും  ആ സംസ്കാരത്തിന്റെ തേജോമയമായ മുഖത്ത് നിഴൽ വിരിക്കുകയും ചെയ്തിട്ടുണ്ട്. ഭാരതീയ സംസ്കാരത്തിന്റെ നവനീതകമെന്ന നിലയിൽ മാനവരാശിക്ക് ലഭിച്ചിട്ടുള്ള അദ്വൈത ദർശനത്തിനനുരൂപമായ ചിന്തയിൽ  ഒതുങ്ങി നിൽക്കുന്നതാണ് ഉചിതം.

പാശ്ചാത്യ മിഷനറിമാരുടെ മതപ്രചാരണ സ്വഭാവത്തെ അടിസ്ഥാനമാക്കി, പൗരസ്ത്യ രാജ്യങ്ങൾക്ക് മതം വേണ്ടുവോളമുണ്ട്, അവർക്ക് വേണ്ടത് മതമല്ല അവരുടെ വരളുന്ന തൊണ്ടക്ക് ആഹാരപാനിയങ്ങളാണെന്ന് പാശ്ചാത്യ സംസ്കാരത്തെ നിഷ്ക്കരുണം വിമർശിച്ചിട്ടുള്ള സ്വാമി വിവേകാനന്ദൻ മദർ തെരെസ്സയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിക്കാൻ ജീവിച്ചിരുന്നെങ്കിൽ ഒരു തിരുത്തലിന് തയ്യാറാകുമായിരുന്നു. കൽക്കട്ടയിലെ തെരുവിൽ വിശപ്പുകൊണ്ട് തലകറങ്ങി വീണ നിരവധി പേർക്ക് ജാതിമതഭേദമന്യേ പരിചരണം നൽകിയ മദർ തെരെസ്സ വേറിട്ടു നിന്ന ഒരു വ്യക്തിത്വമായിരുന്നു. മഹത്തവും സമ്പന്നവുമായ ക്രിസ്തീയപ്രചാരണ സഭകൾക്ക് ഇൻഡ്യക്കു വേണ്ടി ചെയ്യാൻ സാധിക്കുന്ന യഥാർത്ഥമായ സേവനം മനുഷ്യകാരുണ്യപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണെന്ന ഗാന്ധിജിയുടെ വാക്കുകൾ മദർ തെരെസ്സ അന്വർത്ഥമാക്കി. വിവേകാനന്ദസ്വാമിയുടെ പ്രസ്ഥാവനയിൽ   ഭരണകക്ഷികൾ ശ്രദ്ധിക്കേണ്ടതായ ഭാരതത്തിന്റെ ശോചനീയമായ സമ്പത് വ്യവസ്ഥിതി പ്രകടമാകുന്നുണ്ടെങ്കിലും ഭരണകർത്താക്കൾ അതിന് അത്രക്കൊന്നും പ്രാധാന്യം നൽകുന്നില്ല.  അണുപരീക്ഷണത്തിനു വേണ്ടി ധൂർത്തടിക്കുന്ന പണം ആയിരങ്ങളുടെ തൊണ്ട നനക്കാനുതകുന്ന ഏതെങ്കിലും പദ്ധതികൾക്ക് വേണ്ടി ചിലവഴിച്ചിരുന്നെങ്കിൽ അത് ജീവകാരുണ്യ പ്രവർത്തനമായി ലോകം വീക്ഷിച്ചേനെ. ആഭ്യന്തര പ്രശ്നങ്ങൾക്ക് പരിഹാരം കാണാനോ സാധാരണക്കാരന്റെ പ്രാഥമികമായ ആവശ്യങ്ങൾ നിർവേറ്റാനോ സാധിക്കാതെ കണ്ണു മിഴിച്ചു നിൽക്കുമ്പോഴാണ് അണുസ്ഫോടനം നടത്തിയും അണ്വായുധങ്ങൾ നിർമ്മിച്ചും ശക്തി തെളിയിക്കാൻ ശ്രമിക്കുന്നത്. ലോകത്തിന്റെ ശ്രദ്ധ പ്രിടിച്ചു പറ്റാൻ അണുസ്ഫോടനമല്ല മറ്റൊരു സി. വി. രാമനേയോ രബീന്ദ്രനാഥ ടഗോറിനേയോ ആണ് ആവശ്യം.

ആദ്ധ്യാത്മിക സംസ്കാരത്തിൽ നിന്നും സമസ്യഷ്ട സ്നേഹത്തിൽ നിന്നും ലഭ്യമാകേണ്ട ധാർമ്മിക മൂല്യങ്ങളുടെ സ്ഥാനത്ത് 'പല്ക്കടൽത്തിര തള്ളിയേറി വരുന്നതു പോലെ' മൃഗീയചിന്തകൾ കുന്നു കൂടുന്നു. ഒരു വശത്ത് മതേതരരാഷ്ട്രമെന്ന് ഉൽഘോഷിക്കും മറു വശത്ത് ഇതരമതസ്ഥരുടെ ആരാധനാലയങ്ങൾ പോളിക്കും, സനാതന ധർമ്മം ഉയർത്തിപ്പിടിക്കുമ്പോൾ ഉച്ചനീചത്വങ്ങൾ വെച്ചു പുലർത്തും. മൃഗീയവും ഹിംസാത്മകവുമായ യജ്ഞങ്ങൾ ചെയ്യുന്നത് പാവനമായി കരുതുന്നുവർ  മറുവശത്ത് അഹിംസാതത്വം ഉയർത്തിപ്പിടിക്കുന്നു. ധർമ്മശാസ്ത്രങ്ങൾ അനുശാസിക്കുന്നത് അശാസ്ത്രീയമെന്ന് തോന്നിയാൽ അത് തള്ളിക്കളയാൻ മടി കാണിക്കരുത്. മതവിദ്വേഷത്തിന്റേയും യാഥാസ്ഥികത്വത്തിന്റേയും അർത്ഥശൂന്യതയും അതിൽ മുറുകെ  പിടിച്ചുകൊണ്ട് ജീവിക്കുന്നവരുടെ സങ്കുചിതത്വ മനോഭാവവുമാണ് ഇവിടെ പ്രകടമാകുന്നത്. മതസ്ഥാപകരായ ജഗത്ഗുരുക്കന്മാർ, ഒരേ സത്യത്തിന്റെ വ്യത്യസ്ത തരത്തിലുള്ള വക്താക്കളാണ് തങ്ങൾ എന്ന് പരസ്പരം അംഗീകരിക്കുമ്പോൾ അനുയായികളായ മതവിശ്വാസികൾ മതങ്ങളുടെ പേരിൽ കലാപങ്ങളുണ്ടാക്കി പരസ്പരം വെട്ടി മരിക്കുന്നു. അങ്ങനെയുള്ള കലാപത്തിന് കടിഞ്ഞാണിടാൻ ഭരണകർത്താക്കൾ ബാധ്യസ്ഥരാണ്. എന്നാൽ അവരുടെ ശ്രദ്ധ അണുപരീക്ഷണത്തിനും മാരകായുധങ്ങളുടെ ശേഖരം വർദ്ധിപ്പിക്കുന്നതിനുമാണ്. ഇവിടെ എന്തിനാണ് വിജയം? സനാതനധർമ്മത്തിൽ ഊന്നി നിന്നു കൊണ്ട് സംസ്കാര സമ്പന്നതയുടെ പടവുകൾ ചവിട്ടിക്കയറാൻ ആഹ്വാനം ചെയ്യുന്ന  ആചാര്യന്മരുടെ അമൃത വാണികൾക്കോ, അതോ ഭരണകർത്താക്കളുടേയും മതവിദ്വേഷികളുടേയും മൃഗീയസ്വഭാവത്തിനോ? മനുഷ്യത്വത്തെ പരിപൂർണ്ണമാക്കിത്തിർക്കുന്ന ധർമ്മവിശേഷത്തെ സംസ്കാരം എന്നു പറയാം. ഈ സംസ്കാരത്തിന്റെ അസ്തിവാരത്തിൽ ചവിട്ടി നിന്നു കൊണ്ട് ഭാരതത്തിലെ ഋഷിമാർ ലോകസാഹോദര്യത്തിന്റെ തിരിനാളം കൊളുത്തിയുട്ടുള്ളവരാണ്. അവരുടെ ശിഷ്യഗണങ്ങൾ അത് ആളിക്കത്തിച്ച് പ്രകാശമാനമാക്കിയിട്ടുണ്ട്. ഗുരുക്കന്മാരുടെ ഏകലോകദർശനത്തിൽ ഉത്തേജിതരായി ലോകസമാധാനം ഏകലോകസർക്കാരിന്റെ സ്ഥാപനത്തിലൂടെയെ സാധിക്കുകയുള്ളു എന്ന് കണ്ട് അതിനുള്ള മാർഗ്ഗരേഖ നൽകിയിട്ടുള്ള ഗുരുക്കന്മാരുണ്ട്. ഭാരതീയരെന്നു നാം അഭിമാനിക്കുമ്പോൾ ആ ഗുരു പരമ്പരയോടുള്ള കർത്തവ്യം വിസ്മരിച്ചു കൂട. അവർ കൊളുത്തി വെച്ച സൗഹൃദത്തിന്റെ തിരിനാളം ഊതിക്കെടുത്താതെ കൂടുതൽ പ്രഭാമയമാക്കിത്തീർക്കേണ്ടത് ഓരോ

ഭാരതീയൻേറയും കടമയാണ്. ഭാരതത്തിൻെറ ആദ്ധ്യാത്മിക പാശ്ചാത്തലത്തിനും സംസ്കാരത്തിനും മങ്ങലേൽപ്പിക്കാനല്ലാതെ അണുപരീക്ഷണം കൊണ്ടും മതവിദ്വേഷം കൊണ്ടും എന്താണ് നേടുന്നത്.

സ്വയരക്ഷക്കു വേണ്ടിയാണ് അണുപരീക്ഷണം നടത്തുന്നതെന്നും അണ്വായുധങ്ങൾ നിർമ്മിക്കുന്നതെന്നുമുള്ള മുദ്രവാക്യത്തിൽ മാറ്റൊലിക്കൊള്ളുന്നത് പരദ്രോഹത്തിനും സമീപത്തുള്ള രാജ്യത്തെ ഭീഷിണിപ്പെടുത്താനുള്ള തീവ്യമായ ആഗ്രഹത്തിൻെറ അലകളാണ്. ശത്രുത വെച്ചു പുലർത്താനല്ല പരസ്പരം സ്നേഹിക്കാനാണ് ആചാര്യന്മാർ പഠിപ്പിച്ചിട്ടുള്ളത്. എല്ലാജീവജാലങ്ങളോടുമുള്ള സന്മനോഭാവമാണ് സ്നേഹം. തൻെറ കാര്യത്തിൽ എങ്ങനെയാണോ അതുപോലെ തന്നെയായിരിക്കണം പ്രപഞ്ചത്തിൻെറ കാര്യത്തിലും എന്നാണ് ഋഷിമാർ പഠിപ്പിച്ചിട്ടുള്ളത്. എല്ലാ മതങ്ങളും അനുശാസിക്കുന്നത് സ്നേഹം തന്നെയാണ്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള സ്നേഹവും മനുഷ്യന് ദൈവത്തോടുള്ള സ്നേഹവും ബന്ധപ്പെട്ടു കിടക്കുന്നതിൻെറ അടിസ്ഥാനത്തിലാണ് 'എപ്രകാരമാണോ എൻെറ പിതാവായ ദൈവം എന്നെ സ്നേഹിക്കുന്നത് അതു പോലെ ഞാൻ നിങ്ങളേയും സ്നേഹിക്കുന്നു. അപ്രകാരം തന്നെ നിങ്ങൾ മറ്റുള്ളവരേയും സ്നേഹിക്കുവിൻ' എന്ന് യേശു ദേവൻ പറഞ്ഞത്. ഇസ്ലാം മതം സ്നേഹത്തെ സാഹോദര്യമെന്ന് ഉൽഘോഷിക്കുന്നു. പരസ്പരം സ്നേഹിക്കാനേ കഴിയൂ എന്ന്,

സർവഭൂതവുമാത്മാവിൽ ആത്മാവിനെയുമങ്ങനെ,
സർവഭൂതത്തിലും കാണുന്നവനെന്തുള്ളു നിന്ദ്യമായ്'

എന്ന് ഹിന്ദുമതത്തിൽ പണ്ടേ പറഞ്ഞു വച്ചിട്ടുണ്ട്.

'അവനിവനെന്നറിയുന്നതൊക്കെയോർത്താ-
ലവിനിയിലാദിമമായൊരാത്മരൂപം,
അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം'

എന്ന് നാരായണഗുരു പറഞ്ഞത് ഈ മതതത്വങ്ങളോട് ചേർന്നു നിൽക്കുന്നു. മനസ്സിൽ ഏകത്വബോധം ഉണർന്നു വന്നതുകൊണ്ടാണ് ഇത്തരം തത്വവിചാരങ്ങൾ ഉടലെടുത്തത്. ഈ തത്വം ഓരോരുത്തരും പ്രായോഗികമാക്കിയാൽ സ്വയരക്ഷക്ക് വേണ്ടി മാരകായുധങ്ങളുടെ ആവശ്യമുണ്ടാവുകയില്ല. 'സ്നേഹിക്കയുണ്ണി നീ നിന്നെ ദ്രോഹിക്കുന്ന ജനത്തെയും' എന്നാണല്ലോ കവിവചനം. മൃഗീയവാസനകൾ സ്നേഹത്തിൽ ആഹുതി ചെയ്ത് ചിന്താഗതി ശ്രേഷ്ഠവും ദീപ്തവുമാക്കണം. അപ്പോൾ ലോകം സൗഹൃദത്തിൻെറ നന്ദനോദ്യാനമാകും.